ഡിസൈൻ വിഭാഗത്തിന്റെ പ്രവർത്തനം

13 (*463) ശ്രീമതി ജെ. അരുന്ധതി :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ ജോലികൾ മറ്റ് ഏജൻസികളെ ഏല്പിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) വർദ്ധിച്ചുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഡിസൈൻ ജോലികളും കെട്ടിടങ്ങളുടെ രൂപകൽപ്പനയും തയ്യാറാക്കുന്നതിന് ഡിസൈൻ വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) ഉണ്ട്. കെട്ടിടങ്ങളുടെയും പാലങ്ങളുടെയും ഘടനാപരമായ രൂപ കൽപന, അതത് വിഭാഗങ്ങളുടെ നിർദ്ദേശാനുസരണവും ലഭ്യമാക്കുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിലും വകുപ്പിന്റെ ഭാഗമായ ഡ്രിക് ബോർഡ് മുൻഗണനാക്രമത്തിൽ സമയബന്ധിതമായി ചെയ്തുവരുന്നു. ആർക്കിടെക്ച്ചറൽ ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ ആർക്കിടെക്ച്ചറൽ വിംഗും തയ്യാറാക്കു ന്നുണ്ട്. രണ്ടിടങ്ങളിലും അവലോകന യോഗങ്ങൾ നടത്തി ഇതിന്റെ പ്രവർത്തനം വിലയിരുത്താറുണ്ട്.

(ബി) ഉണ്ട്. സർക്കാർ അംഗീകരിച്ച നിരക്കുകൾ പ്രകാരം അംഗീകൃത ഏജൻസികളെ ഡിസൈൻ ജോലികൾ ഏൽപിക്കാറുണ്ട്.

(സി) ഡിസൈൻ വിഭാഗം ശക്തിപ്പെടുത്താനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു.

പ്രവാസി തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ

14 (*464) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നോർക്ക വകുപ്പിന്റെ കീഴിൽ കളക്ടറേറ്റുകളിൽ പ്രവർത്തനം തുടങ്ങിയ നോർക്ക സെല്ലുകളുടെ സേവനങ്ങൾ കൂടുതൽ മെച്ച പ്പെടുത്തുന്നതിന് എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly